(ഐ) സംസ്ഥാനത്തെ കാർഡുടമകൾക്ക് നല്ലയിനം അരി ലഭ്യമാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ)&(ബി) ഔദ്യോഗികമായി കേന്ദ്രത്തിൽനിന്നും ഇക്കാര്യത്തിൽ അറിയിപ്പ് ലഭിച്ചിട്ടില്ല. എങ്കിലും റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ കേന്ദ്രം ഉദ്ദേശിക്കുന്നതായി മാധ്യമങ്ങളിലൂടെ അറിഞ്ഞതിനാൽ സംസ്ഥാന ഭക്ഷ്യവകുപ്പു മന്ത്രി കേന്ദ്ര ഗവണ്മെന്റിനോട് നിലവിലുള്ള സംവിധാനം തന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കേന്ദ്രത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥനത്തെ റേഷൻ വിതരണരംഗത്തെ ഇതെങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചും അത് പരിഹരിക്കാനുള്ള ഉപാധികളെക്കുറിച്ചും വിലയിരുത്തിയിട്ടില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്രകാരം റേഷൻ വിതരണത്തിനായി 145320 മെ.ടൺ അരിയും 37720 മെ.ടൺ ഗോതമ്പും 12375.4 മെ.ടൺ പഞ്ചസാരയും 32348 കിലോലിറ്റർ മണ്ണെണ്ണയും സംസ്ഥാനത്തിന് പ്രതിമാസം ലഭിച്ചുവരുന്നു. ഇതിൽ കേന്ദ്രസർക്കാർ പ്രൊ. ലക്കയാവാലാ കമ്മീഷൻ റിപ്പോർട്ടുപ്രകാരം കണ്ടെത്തിയിട്ടുള്ള 25.43% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 15350 ടൺ അരി പ്രതിമാസം ഉയർന്ന നിരക്കിൽ സബ്സിഡി നൽകി കിലോയ്ക്ക് 4 രൂപ പ്രകാരം കുടുംബം ഒന്നിന് പ്രതിമാസം 10 കിലോഗ്രാം അരി വീതം നൽകി വരുന്നു.

(എഫ്) നിലവിലുള്ള റേഷൻ സമ്പ്രദായം തുടരണമെന്ന് സംസ്ഥാന ഭക്ഷ്യവകുപ്പുമന്ത്രി, കേന്ദ്ര ഗവണ്മെന്റിനോട് മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) റേഷൻ സമ്പ്രദായം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിക്കാത്തതിനാൽ ഇക്കാര്യത്തിൽ മുൻകരുതൽ നടപടി എടുത്തിട്ടില്ല.

(എച്ച്) 145320 മെ. ടൺ അരി പ്രതിമാസം ലഭിച്ചു വരുന്നു.

(ഐ) നല്ലയിനം അരി മാത്രമേ വിതരണത്തിനായി തെരഞ്ഞെടുക്കാവു എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വില നിലവാരം

69 (115) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ ഓപ്പൺ മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയെന്തായിരുന്നു;

(ബി) 1998 നവംബർ 1-ാം തീയതി പ്രസ്തുത സാധനങ്ങളുടെ വില എന്തായിരുന്നു; ഓപ്പൺ മാർക്കറ്റിൽ വില വർദ്ധനവ് തടയുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറിൽ സാധനങ്ങളുടെ വിലയെന്തായിരുന്നു;

(ഡി) 1999 നവംബർ 1-ാം തീയതി അതേ സാധനങ്ങൾക്ക് മാവേലി സ്റ്റോറിലെ വിലയെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1995 ജൂൺ ആദ്യവാരത്തിലെയും ഏകദേശം മൂന്നര വർഷങ്ങൾക്കുശേഷം അതായത് 1999 നവംബർ ആദ്യവാരത്തിലെയും പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ വില്പന വില താരതമ്യം ചെയ്യുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

വില വർദ്ധന തടയുവാൻ ഈ ഗവണ്മെന്റ് സ്വീകരിച്ച കൃത്യമായ നടപടികൾ താഴെ പറയുന്നു.

1. റേഷൻ വിലയേക്കാൾ ഒരു രൂപാ കുറച്ച് കാർഡൊന്നിന് ആഴ്ചയിൽ നാലു കിലോഗ്രാം എന്ന തോതിൽ റേഷൻ അരി സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും വിതരണം ചെയ്തു വരുന്നു.

2. സംസ്ഥാനത്തെ 42% കുടുംബങ്ങൾക്ക് കിലോഗ്രാമിന് 4 രൂപാ നിരക്കിൽ (പകുതി വില) പ്രതിമാസം 10 കിലോഗ്രാം വീതം അരി വിതരണം ചെയ്തു വരുന്നു.

3 പലവ്യഞ്ജനം തുടങ്ങിയ അവശ്യസാധനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരം റേഷൻ കടകളിലൂടെ കമ്പോളവിലയേക്കാൾ 25% മുതൽ 50% വരെ വില കുറച്ച് വിതരണം ചെയ്തുവരുന്നു.

4. സംസ്ഥാനത്തെ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ വില്പന നടത്തുകയും ചെയ്തു.

5. സാധാരണ റേഷനു പുറമേ ഉത്സവകാലങ്ങളിൽ സ്പെഷ്യൽ അരി, പഞ്ചസാര എന്നിവ വിതരണം ചെയ്തു വരുന്നു.

6. ഉത്സവകാലങ്ങളിൽ കമ്പോളവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മെട്രോഫെയർ, ഓണംഫെയർ, ഓണച്ചന്തകൾ എന്നിവ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ സ്കൂളുകൾക്ക് സൗജന്യമായി 5 കിലോഗ്രാം അരി വീതം ഓണം, റംസാൻ, ക്രിസ്തുമസ് കാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.

7. വിലനിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും ക്ഷീര-വിനോദ സഞ്ചാര-നിയമ വകുപ്പു മന്ത്രിയും ധനമന്ത്രിയും അംഗങ്ങളും ആയുള്ള ഒരു സമിതി രൂപീകരിച്ചും വിലനിലവാരം യഥാസമയം അവലോകനം ചെയ്തുവരുന്നു. ഡെപ്യൂട്ടി റേഷനിംഗ്കൺട്രോളർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ മിന്നൽ പരിശോധന നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാനും നടപടികൾ എടുത്തുവരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി)-(ഡി) 1996 ജൂണിലെയും 1999 നവംബറിലെയും മാവേലി സ്റ്റോറുകളിലെ വില താരതമ്യം ചെയ്യുന്ന പട്ടിക അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

റേഷൻ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി.

70 (116) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് റേഷൻ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി നിറുത്തലാക്കുവാനോ, ഭാഗികമായി കുറയ്ക്കുവാനോ, കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ നിലവിലുള്ള സബ്സിഡിയിൽ മാറ്റം വരുത്തിയാൽ പൊതുജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) സബ്സിഡി നിർത്തലാക്കിയാൽ റേഷൻ വിതരണത്തെ ബാധിക്കുമെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുമെന്നും സർക്കാരിന് ബോദ്ധ്യമുണ്ട്.

(സി) കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി നിർത്തലാക്കുകയാണെങ്കിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി ലഘൂകരിക്കത്തക്ക വിധത്തിൽ സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

റീട്ടെയിൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതിൽ നിയന്ത്രണം

71(117) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ റീട്ടെയിൽ ഷോപ്പ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

(ബി) ഒരു റീട്ടെയിൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് കുറഞ്ഞത് എത്ര റേഷൻ കാർഡുകൾ ഉണ്ടായിരിക്കണം;

(സി) നിശ്ചിത റേഷൻ കാർഡുകൾ ഇല്ലെന്ന കാരണത്താൽ വളരെ ദൂരം സഞ്ചരിച്ച് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ അത്തരം സ്ഥലങ്ങളിൽ പുതിയ എ.ആർ.ഡി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly